LIBRARY ARCHIVES Kerala Legislative Assembly

സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനുതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

പിൻവാതിൽ നിയമനം

119(5278) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വ്യവസായ വകുപ്പിന് കീഴിൽവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എവിടെയെങ്കിലും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ആരെയൊക്കെ സ്ഥിരപ്പെടുത്തിയെന്നും അവരുടെ തസ്തിക, ശമ്പള സ്കെയിൽ, സ്ഥിരപ്പെടുത്തിയ തീയതി തുടങ്ങിയ വിശദാംശങ്ങളും അറിയിക്കാമോ?

ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധം 1*, അനുബന്ധം 2* എന്നിവയായി ചേർത്തിരിക്കുന്നു.

(സി) ഇത്തരത്തിൽ പിൻവാതിൽ നിയമനം നൽകുന്നത് സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പിൻവാതിൽ നിയമനം സർക്കാർ നടത്തിയിട്ടില്ല. കരാർ അടിസ്ഥാനത്തിൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ പത്ത് വർഷത്തിൽ കൂടുതൽ ജോലി ചെയ്തുവന്നിരുന്ന ജീവനക്കാരുടെ പ്രവൃത്തി പരിചയവും സാങ്കേതിക വൈദഗ്ധ്യവും കണക്കിലെടുത്ത് അവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത കരാർ ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിശ്ചിത നിയമനവ്യവസ്ഥയിലൂടെയാണ് തെരഞ്ഞെടുത്തിരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.